പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1184 — 12.06.2014 ൽ മറുപടിക്ക്

## ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്രവിഹിതം

**ചോദ്യം** — **ഉത്തരം**

ശ്രീ. എ.എ. അസീസ്:

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് പൊതുവിതരണത്തിനായി ഏതൊക്കെ ഭക്ഷ്യധാന്യങ്ങൾ എത്ര അളവിലാണ് കഴിഞ്ഞ വർഷം കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കിയത്;

(എ) 2013-14 വർഷത്തേക്ക് സംസ്ഥാനത്തിന് താഴെ കാണും വിധം ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചു.

നോർമൽ വിഹിതമായി അനുവദിച്ചത്
(അളവുകൾ മെ.ടണ്ണിൽ)

| ഇനം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.പി.എൽ | 432672 | 141324 | 573996 |
| ബി.പി.എൽ. | 318792 | 83556 | 402348 |
| എഎ.വൈ | 250260 | 0 | 250260 |
| ആകെ | 1001724 | 224880 | 1226604 |

അഡ്ഹോക് വിഹിതമായി അനുവദിച്ചത്
(അളവുകൾ മെ.ടണ്ണിൽ)

| ഇനം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.പി.എൽ | 185496 | 60588 | 246084 |
| ബി.പി.എൽ. | 84980 | 34188 | 119168 |
| ആകെ | 270476 | 94776 | 365252 |

എ.പി.എൽ സ്പെഷ്യൽ ഗോതമ്പ് -34048 മെ. ടൺ.

(ബി) ലഭ്യമാക്കിയ കേന്ദ്രവിഹിതം സംസ്ഥാനത്തിന്റെ ആവശ്യത്തിന് പര്യാപ്തമാണോ;

(ബി) അല്ല; മേൽപ്പറഞ്ഞ അളവ് അനുവദിച്ചെങ്കിലും 2013 സെപ്റ്റംബർ മാസം മുതൽ 122724 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമേ പ്രതിമാസം ഉപയോഗിക്കാവൂ എന്ന നിബന്ധന ഉണ്ടായിരുന്നതിനാൽ ബി.പി.എൽ എഎ.വൈ. വിഭാഗങ്ങളുടെ ആവശ്യകത പൂർണ്ണമായും നിറവേറ്റുകയുണ്ടായെങ്കിലും എ.പി.എൽ. വിഭാഗത്തിന് നൽകേണ്ട ഗോതമ്പ് നവംബർ മാസം മുതൽ ജനുവരി മാസം വരെ നൽകാൻ സാധിച്ചില്ല.

(സി) ഇല്ലെങ്കിൽ അവശ്യമുള്ളത് നേടി (സി) യെടുക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉദ്യോഗസ്ഥതലത്തിലും, മന്ത്രി തലത്തിലും നിരവധി ചർച്ചകളും കത്തിടപാടുകളും നടത്തി, കേന്ദ്ര ഭക്ഷ്യമന്ത്രിയെ നേരിട്ട് കണ്ട് നിവേദനങ്ങൾ നല്കുകയും ആവശ്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ